2010 ആഗസ്റ്റ് 8
ഞായർ
വാരാദ്യമാധ്യമം
ലക്കം 1169

**‘ഫയൽ എത്തിയിട്ടില്ല, നോക്കട്ടെ...’,
‘ഫയൽ കാണുന്നില്ല...’,
‘ആരുടെ കൈയിലാണെന്ന് നോക്കട്ടെ...’
എന്നൊക്കെയുള്ള പരമ്പരാഗത
സർക്കാർ ജീവനക്കാരന്റെ
മറുപടികൾക്ക് അവസാനം
കുറിക്കുകയായിരുന്നു ആ മൗസ് ക്ലിക്ക്.**

ചുവപ്പുനാട മുറിച്ചുനീക്കി

ലിജിത് തരകൻ

‘നിങ്ങൾ എവിടെയായിരുന്നാലും ഞാൻ അവിടെയുണ്ട്’ -പഴയൊരു മോഹൻലാൽ ചിത്രത്തിലെ ശ്രദ്ധേയമായ സംഭാഷണ ശകലമാണിത്. ഈ വാചകത്തിന് ഒരൽപം ഭേദഗതി വരുത്തിയാൽ ഗുരുവായൂർ നഗരസഭയുടെ ഫയൽ ട്രാക്കിങ് സംവിധാനമുള്ള വെബ് സൈറ്റിന്റെ പരസ്യവാചകമാവും. ഈ നഗരസഭയുടെ ഓഫിസിൽ അപേക്ഷ നൽകിയ ആൾ ലോകത്തെവിടെയായിരുന്നാലും തന്റെ അപേക്ഷയുടെ തൽസമയ സ്ഥിതിവിവരമറിയാം. അപേക്ഷയിൽ തീരുമാനമെടുത്തോ, ഫയൽ ഇപ്പോൾ ഏത് ഉദ്യോഗസ്ഥന്റെ മേശപ്പുറത്താണ് എന്നൊക്കെയുള്ള വിവരങ്ങൾ ഒരു മൗസ് ക്ലിക്ക് അരികിലാണ്.

അപേക്ഷ കൊടുക്കുമ്പോൾ നഗരസഭയുടെ റിസപ്ഷനിൽ നിന്ന് ലഭിക്കുന്ന നമ്പർ തന്റെ ഫയലിന്റെ ഗതിവിഗതികളറിയാനുള്ള താക്കോലാവുകയാണ്. ഇ-ഗവേണിങ് സംവിധാനത്തിലെ നിശ്ശബ്ദ വിപ്ലവത്തിലൂടെ രാജ്യത്തിനുതന്നെ മാതൃകയാവുകയാണ് ചുവപ്പുനാടയിൽ കുരുങ്ങാത്ത ഗുരുവായൂർ നഗരസഭ. അപേക്ഷകൻ ഓഫിസിൽ കയറിയിറങ്ങി ചെരിപ്പ് തേയുന്ന കാലത്തിന് വിരാമമായിരിക്കുന്നു. ഓരോ സെക്ഷനിലും കയറിയിറങ്ങി അപേക്ഷക്ക് പിറകെ അപേക്ഷകരും ഇവിടെ നിരങ്ങി നീങ്ങേണ്ടതില്ല. ഒക്കെയൊരു മൗസ് ക്ലിക്കിൽ വിരൽത്തുമ്പിലെത്തും.

ചുവപ്പുനാട പൊട്ടിച്ച ഫയൽ ട്രാക്കിങ്

മുംബൈയിലെ സ്വകാര്യ കമ്പനിയിലെ ഉദ്യോഗസ്ഥനാണ് ശ്രീധരമേനോൻ. കുടുംബസമേതം മുംബൈയിലാണ് താമസവും. റിട്ടയർ ചെയ്യുന്ന കാലത്ത് ഗുരുവായൂരിൽ താമസമാക്കാൻ വേണ്ടി ഭൂമി വാങ്ങി വീട് പണിതു. എന്നാൽ വീട് പണി പൂർത്തിയാക്കി നഗരസഭയെ അറിയിച്ചപ്പോൾ നിശ്ചയിച്ച് അറിയിച്ച നികുതി കുറച്ച് കൂടുതലായോ എന്ന് മേനോന് സംശയം. അതിനാൽ നികുതി കുറക്കുന്നതിനുള്ള അപേക്ഷ തയാറാക്കി നഗരസഭയുടെ മുന്നിലുള്ള കൗണ്ടറിൽ നൽകിയപ്പോൾ മേനോൻ ചോദിച്ചു. ‘ഇതിന്റെ തീരുമാനമറിയാൻ ഇനിയെന്നാണ് വരേണ്ടത്?’ അപേക്ഷ സ്വീകരിച്ച് രശീതി നൽകിയ ജീവനക്കാരി പറഞ്ഞു: ഇതിന്റെ തീരുമാനമറിയാനായി ഇവിടെ വരണമെന്നില്ല. രശീതിയിലെ നമ്പർ ഉപയോഗിച്ച് താങ്കളുടെ അപേക്ഷയിലെ തീരുമാനമെന്തായി എന്ന് നഗരസഭയുടെ വെബ്സൈറ്റിലൂടെ അറിയാനാവും. http://www.guruvayoormunicipality.in/ ഇതാണ് നഗരസഭയുടെ വെബ്സൈറ്റ്.

മുംബൈയിലേക്ക് തിരിച്ചുപോയ മേനോൻ അടുത്ത ദിവസം വെബ്സൈറ്റിലെ തപാൽ വിവരങ്ങളിൽ തന്റെ രശീതിയിലെ നമ്പർ ഉപയോഗിച്ച് പരിശോധിച്ചപ്പോൾ ഫയൽ റവന്യൂ വിഭാഗത്തിലെ നികുതിയുടെ സെക്ഷനിലാണ്. ഒരാഴ്ച കഴിഞ്ഞ് വീണ്ടും സൈറ്റിൽ നോക്കിയപ്പോൾ ഫയൽ റവന്യൂ ഓഫിസറുടെ പക്കലാണ്. രണ്ട് ദിവസത്തിനുശേഷം സൈറ്റിലെത്തിയ മേനോന് തന്റെ അപേക്ഷയിൽ തീർപ്പാക്കി നികുതിയിൽ കുറവ് വരുത്തിയതായി മനസ്സിലായി.

ശ്രീധരമേനോനെപോലെ ഗുരുവായൂരിൽ അപേക്ഷ നൽകി തീരുമാനത്തിന് കാത്തുനിൽക്കാൻ സമയമില്ലാത്തവർക്ക് അങ്ങനെ ഫയൽ ട്രാക്കിങ് സംവിധാനം അനുഗ്രഹമായി മാറുകയാണ്.

തുടക്കം

ലോകത്തിൽ തന്നെ ഏറ്റവുമധികം വിവാഹം ഒരേ ദിവസം ഒരേ സ്ഥലത്ത് നടക്കുന്ന ഇടമാണ് ഗുരുവായൂർ. ഒരു ദിവസം 195 വിവാഹം വരെ ഇവിടെ നടന്നിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിൽ നടക്കുന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യേണ്ടത് ഗുരുവായൂർ നഗരസഭയിലാണ്. എന്നാൽ, ക്ഷേത്രത്തിൽ നൂറിലധികം വിവാഹം നടന്നാലും നഗരസഭയിൽ രജിസ്റ്റർ ചെയ്യാനെത്തുന്നവർ വിരലിൽ എണ്ണാവുന്നവർ മാത്രമായിരുന്നു. രജിസ്റ്റർ ചെയ്യാനെത്തിയാൽ നഗരസഭയിലുള്ള കാത്തുനിൽപും പിന്നെ സർട്ടിഫിക്കറ്റ് വാങ്ങായി വേണ്ടിവരുന്ന യാത്രകളുമെല്ലാമാണ് വധൂവരൻമാരെ നഗരസഭയിലെത്തുന്നതിൽ നിന്ന് അകറ്റിയിരുന്നത്. ഇതിനൊരു പരിഹാരമായി സർട്ടിഫിക്കറ്റ് തപാലിൽ അയക്കുന്ന സംവിധാനം ഏർപ്പെടുത്തിയെങ്കിലും അതും ഫലംകണ്ടില്ല. ഇക്കാലത്താണ് നഗരസഭയുടെ സെക്രട്ടറിയായി എൻ. വിജയകുമാർ സ്ഥലംമാറിയെത്തുന്നത്. ക്ഷേത്രത്തിൽ നടക്കുന്ന വിവാഹങ്ങളെല്ലാം നഗരസഭയിൽ രജിസ്റ്റർ ചെയ്യപ്പെടണമെങ്കിൽ സർട്ടിഫിക്കറ്റിനായുള്ള കാത്തിരിപ്പ് ഒഴിവാക്കണമെന്ന് അദ്ദേഹം മനസ്സിലാക്കി. എന്നാൽ സി ഗ്രേഡ് നഗരസഭ മാത്രമായ ഗുരുവായൂരിൽ ഇതിനായി ജീവനക്കാർ പരിമിതം. വെറും ഏഴ് കിലോമീറ്റർ ചുറ്റളവും 21,000 മാത്രം വരുന്ന ജനസംഖ്യയുമാണ് ഗുരുവായൂരിൽ. ഇതനുസരിച്ചുള്ള ജീവനക്കാർ മാത്രമേ നഗരസഭയിലുള്ളൂ. എന്നാൽ ദിനംപ്രതി എത്തുന്ന പതിനായിരക്കണക്കിന് തീർഥാടകരുടെ ക്ഷേമം ഉറപ്പാക്കുന്ന ചുമതലയും നഗരസഭക്കാണ്. അതിനാൽ പരിമിതമായ ജീവനക്കാരെ നിയോഗിച്ച് വിവാഹ രജിസ്ട്രേഷൻ വിഭാഗത്തിൽ മാറ്റം വരുത്താവുന്ന സ്ഥിതിയായിരുന്നില്ല. അപ്പോഴാണ് രജിസ്ട്രേഷൻ വിഭാഗത്തിൽ സമ്പൂർണ കമ്പ്യൂട്ടർവത്കരണം എന്ന ആശയമെത്തുന്നത്. ഇതിനായി കമ്പ്യൂട്ടർ പരിജ്ഞാനമുള്ള രണ്ട് ജീവനക്കാരെക്കൂടി ഈ വിഭാഗത്തിൽ നിയോഗിച്ചു. 2009 ജനുവരി ഒന്നു മുതൽ ഇൻസ്റ്റന്റ്ഇഷ്യൂ ഓഫ് മാര്യേജ് സർട്ടിഫിക്കറ്റ് എന്ന് പേരിട്ട പുതിയ സമ്പ്രദായം നടപ്പാക്കി. അന്ന് മുതൽ രജിസ്ട്രേഷന് ആവശ്യമായ രേഖകളുമായി എത്തുന്നവർക്ക് 30 മിനിറ്റിനുള്ളിൽ സർട്ടിഫിക്കറ്റ് ലഭിക്കാൻ തുടങ്ങി. ആ വർഷത്തെ കണക്കെടുത്തപ്പോൾ പുതിയ പദ്ധതിയുടെ വിജയം തെളിഞ്ഞു നിന്നു. ഗുരുവായൂരിൽ നടന്ന വിവാഹങ്ങളിൽ 68 ശതമാനവും ഇവിടെ രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നു. വിവാഹ രജിസ്ട്രേഷൻ വഴിയുള്ള വരുമാനം 3.5 ലക്ഷത്തിൽ നിന്ന് 13 ലക്ഷമായി ഉയരുകയും ചെയ്തു. വിവാഹ രജിസ്ട്രേഷനിലെ കമ്പ്യൂട്ടർവത്കരണത്തിന്റെ വിജയമാണ് നഗരസഭ ഓഫിസ് മുഴുവനായി കമ്പ്യൂട്ടർവത്കരിക്കുക എന്ന ആശയത്തിലേക്കെത്തിയത്. അന്ന് നഗരസഭ ചെയർമാനായിരുന്ന എം. കൃഷ്ണദാസും പദ്ധതി നടപ്പാക്കാൻ സജീവമായി മുന്നിൽ നിന്നു. ഭരണ-പ്രതിപക്ഷ ഭേദമന്യേ കൗൺസിലിന്റെ പിന്തുണയും ഉണ്ടായി. അങ്ങനെ സെക്രട്ടറി വിജയകുമാറിന്റെ ആശയം ഗുരുവായൂരിനെ സൈബർ നഗരസഭയാക്കാൻ തുടക്കമിട്ടു.

വെല്ലുവിളികൾ

സമ്പൂർണ കമ്പ്യൂട്ടർവത്കരണമെന്ന സ്വപ്നം യാഥാർഥ്യമാകാനുള്ള കടമ്പകൾ ഏറെയായിരുന്നു. ആവശ്യമായ പരിശീലനമുള്ള ജീവനക്കാരുടെ അപര്യാപ്തതയായിരുന്നു പ്രധാന കടമ്പ. മൗസ് പിടിക്കാൻപോലും അറിയാത്തവരേറെ. കീബോർഡിൽ വിരലമർത്താൻ പേടിയുള്ളവരും കൂട്ടത്തിലുണ്ടായിരുന്നു. ഇവരെ കമ്പ്യൂട്ടറിന് വഴങ്ങുന്നവരാക്കുന്നതിനുള്ള വെല്ലുവിളി ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) ഏറ്റെടുത്തു. രണ്ട് വിധത്തിലായിരുന്നു പരിശീലനം. ജീവനക്കാരെ പല ബാച്ചുകളായി തൃശൂരിലുള്ള ‘കില’യിൽ കൊണ്ടുപോയി പരിശീലനം നൽകി. ഏഴ് ദിവസമായിരുന്നു പരിശീലന കാലാവധി. പാഠങ്ങൾ പഠിപ്പിച്ചുപഠിപ്പിച്ച് ഓഫിസിലെ സ്വന്തം ഇരിപ്പിടത്തിൽ ഇരുന്ന് തന്നെയായിരുന്നു. ഓരോ ജീവനക്കാരനൊപ്പവും ഐ.കെ.എമ്മിലെ വിദഗ്ധർ ഇരുന്ന് പ്രായോഗിക പരിശീലനം നൽകി. ഒഴിവുസമയങ്ങളും കമ്പ്യൂട്ടർ പരിശീലനത്തിനായി വിനിയോഗിച്ചു. അങ്ങനെ കമ്പ്യൂട്ടർവത്കരണത്തിന് ജീവനക്കാരെ സജ്ജരാക്കി.

കമ്പ്യൂട്ടർവത്കരണം വരുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫ്രണ്ട് ഓഫിസ് വേണമെന്ന സർക്കാർ നിർദേശത്തിനൊപ്പം ഗുരുവായൂരിൽ ഒന്നുകൂടിയുണ്ടായി. സുസജ്ജമായ ബാക്ക് ഓഫിസ്. ബാക്ക് ഓഫിസ് കുറ്റമറ്റതായാലേ ഫ്രണ്ട് ഓഫിസിൽ അപേക്ഷയുമായെത്തുന്നവർക്ക് കാര്യമുള്ളൂ എന്ന ചിന്തയായിരുന്നു ഇതിന് പിന്നിൽ. ഇതിന്റെ ഭാഗമായി നഗരസഭയിൽ 30ഓളം കമ്പ്യൂട്ടറുകൾ വിന്യസിച്ചു. കഴിഞ്ഞ വർഷം ആഗസ്റ്റിൽ ഐ.കെ.എമ്മിന്റെ സോഫ്റ്റ്വെയറായ ‘സൂചിക’ പ്രയോഗത്തിലാക്കി. ഇതനുസരിച്ച് റിസപ്ഷനിലുള്ള കൗണ്ടറിൽ അപേക്ഷ സ്വീകരിക്കുമ്പോൾ ഫയൽ വിവരങ്ങൾ ബന്ധപ്പെട്ട സെക്ഷനുകളിലേക്കെത്തും. സെക്ഷനിലെ ക്ലർക്ക് ഫയൽ മേലധികാരിക്ക് അയക്കുമ്പോൾ കമ്പ്യൂട്ടറിലെ ബന്ധപ്പെട്ട ഫയലിലും രേഖപ്പെടുത്തും. ഇതോടൊപ്പം തന്നെ ഓരോ വിഭാഗങ്ങളുടെയും മേലധികാരികൾക്കും തങ്ങളുടെ കീഴിലുള്ള ജീവനക്കാരുടെ കൈവശമുള്ള ഫയലുകൾ ഏതൊക്കെയെന്നും എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്നും മനസ്സിലാക്കാനും സംവിധാനമുണ്ട്. ചെയർമാനും സെക്രട്ടറിക്കും നഗരസഭയിലെ എല്ലാ വിഭാഗങ്ങളിലേയും ഫയലിന്റെ എണ്ണവും സ്ഥിതിവിവരവും അറിയാനും ‘സൂചിക’ വഴി കഴിയും. ഇത് നടപ്പാക്കിയതിനൊപ്പം അപേക്ഷകർക്കായി ടച്ച് സ്ക്രീനും നഗരസഭക്ക് മുന്നിൽ സ്ഥാപിച്ചു. അതിൽ ഫയൽ നമ്പർ രേഖപ്പെടുത്തിയാൽ തങ്ങളുടെ ഫയൽ ഏത് ജീവനക്കാരന്റെ കൈവശമാണെന്നും എന്ത് നടപടിയായി എന്നും അറിയാൻ സംവിധാനമൊരുക്കി. ആദ്യമൊക്കെ ടച്ച്സ്ക്രീനിൽ തൊടാൻ അറച്ചു നിൽക്കുന്ന സ്ഥിതിവിശേഷമുണ്ടായിരുന്നെങ്കിലും പിന്നെ പിന്നെ അത് മാറിവന്നു. ജനം അത് സ്വന്തം സൗകര്യമായികണ്ട് ഉപയോഗിക്കാൻ തുടങ്ങി.

ഗുരുവായൂരിനൊരു വെബ്സൈറ്റ്

സൂചികയുടെ വിജയമാണ് ഗുരുവായൂർ നഗരസഭക്ക് മാത്രമായി വെബ്സൈറ്റ് ആയിക്കൂടാ എന്ന ചിന്തയിലേക്കെത്തിച്ചത്. സ്വന്തമായി വെബ്സൈറ്റുള്ള നഗരസഭകൾ മറ്റു പലതുമുണ്ടെങ്കിലും ഗുരുവായൂരിന്റെ തനതായ വെബ്സൈറ്റിന് ചില പ്രത്യേകതകൾ വേണമെന്ന് ചിന്തയിലായിരുന്നു നഗരനേതൃത്വം. മുന്നണിധാരണകളുടെ അടിസ്ഥാനത്തിൽ പുതിയതായി ചുമതലയേറ്റ ചെയർപേഴ്സൺ ഗീത ഗോപിയും വൈസ് ചെയർമാൻ ആർ.വി. ഷെരീഫും സെക്രട്ടറി എൻ. വിജയകുമാറും ഒന്നിച്ചിരുന്ന് ചിന്തിച്ചപ്പോൾ വിരിഞ്ഞ ആശയമായിരുന്നു ഫയൽട്രാക്കിങ് സംവിധാനമുള്ള വെബ്സൈറ്റ്. നഗരസഭയിലെത്തി അപേക്ഷ നൽകുന്നവർക്ക് നഗരസഭയുടെ വെബ്സൈറ്റിൽ പ്രവേശിച്ച് തങ്ങളുടെ ഫയൽ നമ്പർ നൽകിയാൽ ഫയൽ ഇപ്പോൾ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണെന്നും അതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്നും മനസ്സിലാക്കാനും സംവിധാനമുണ്ട്. ചെയർമാനും സെക്രട്ടറിക്കും നഗരസഭയിലെ എല്ലാ വിഭാഗങ്ങളിലേയും ഫയലിന്റെ എണ്ണവും സ്ഥിതിവിവരവും അറിയാനും ‘സൂചിക’ വഴി കഴിയും. ഇത് നടപ്പാക്കിയതിനൊപ്പം അപേക്ഷകർക്കായി ടച്ച് സ്ക്രീനും നഗരസഭക്ക് മുന്നിൽ സ്ഥാപിച്ചു. അതിൽ ഫയൽ നമ്പർ രേഖപ്പെടുത്തിയാൽ തങ്ങളുടെ ഫയൽ ഏത് ജീവനക്കാരന്റെ കൈവശമാണെന്നും എന്ത് നടപടിയായി എന്നും അറിയാൻ സംവിധാനമൊരുക്കി. ആദ്യമൊക്കെ ടച്ച്സ്ക്രീനിൽ തൊടാൻ അറച്ചു നിൽക്കുന്ന സ്ഥിതിവിശേഷമുണ്ടായിരുന്നെങ്കിലും പിന്നെ പിന്നെ അത് മാറിവന്നു. ജനം അത് സ്വന്തം സൗകര്യമായികണ്ട് ഉപയോഗിക്കാൻ തുടങ്ങി.

വെബ്സൈറ്റ് വന്നപ്പോൾ

താൻ നൽകിയ അപേക്ഷയെന്തായി എന്നറിയാൻ ഓഫിസിലെത്തിയാൽ ‘ഫയൽ എത്തിയിട്ടില്ല, നോക്കട്ടെ....’, ‘ഫയൽ കാണുന്നില്ല....’, ‘ആരുടെ കൈയിലാണെന്ന് നോക്കട്ടെ...’ എന്നൊക്കെയുള്ള പരമ്പരാഗത സർക്കാർ ജീവനക്കാരന്റെ മറുപടികളുടെ അവസാനം കുറിക്കുകയായിരുന്നു ഫയൽ ട്രാക്കിങ് സംവിധാനം. അതോടൊപ്പം പൗരാവകാശങ്ങളുടെ വിജയവും. താൻ നൽകിയ അപേക്ഷയുടെ സ്ഥിതിയെന്താണെന്ന് ഏതു സമയവും എവിടെയിരുന്നും അറിയാനുള്ള പരിധിയില്ലാത്ത അവസരം നൽകി പുതിയ വെബ്സൈറ്റ്. ഓരോ ഫയലിലും എന്ത് നടപടിയെടുത്തുവെന്നും എത്രകാലമായി ഫയൽ തീർപ്പാക്കാതെ വെച്ചരിക്കുന്നുവെന്നും ലോകം അറിയുന്ന സ്ഥിതിയെത്തിയത് അഴിമതിക്കും കുച്ചുവിലങ്ങായി. നഗരസഭ ഭരണസംവിധാനത്തിനുതന്നെ പുതിയ ഗതിവേഗം നൽകിയിരിക്കുകയാണ് വെബ്സൈറ്റെന്ന് ചെയർപേഴ്സൺ ഗീത ഗോപി പറയുന്നു.

ജീവനക്കാരും പൊതുജനങ്ങളും തമ്മിൽ അനാവശ്യമായ ഉരസലുകൾ ഒഴിവാക്കാൻ പുതിയ സംവിധാനങ്ങൾ സഹായിച്ചതായി സെക്രട്ടറി എൻ. വിജയകുമാർ പറഞ്ഞു. ഓരോ അപേക്ഷകനും നഗരസഭ ഓഫിസ് കയറിയിറങ്ങുന്ന സ്ഥിതിവിശേഷം കുറഞ്ഞതോടെ ജീവനക്കാരുടെ കാര്യക്ഷമതയും കൂടി. ഓരോ ജീവനക്കാരന്റെയും മുന്നിലുള്ള ഫയലുകളെ കുറിച്ച് ഒറ്റനോട്ടത്തിൽ അറിയാൻ കഴിയുന്ന സ്ഥിതിയായതോടെ ജോലിയുടെ വിഭജനവും എളുപ്പമായി. ഇ-ഗവേണൻസും ഇക്കോ ഗവേണൻസും ഗുരുവായൂരിൽ പ്രവൃത്തിപഥത്തിൽ എത്തിക്കുകയെന്നതിന്റെ ഭാഗമായാണ് പുതിയ സംവിധാനങ്ങൾ നടപ്പാക്കുന്നതെന്നും സെക്രട്ടറി പറഞ്ഞു. പ്ലാസ്റ്റിക് ക്യാരിബാഗിന്റെ സമ്പൂർണ നിരോധം വഴി ഇക്കോ ഗവേണൻസിലും ഗുരുവായൂർ സംസ്ഥാനത്തിന് മാതൃകയായിട്ടുണ്ട്. സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ സാധാരണക്കാർക്കും പ്രാപ്യമാക്കുകയാണ് ലക്ഷ്യമെന്ന് വൈസ് ചെയർമാൻ ആർ.വി. ഷെരീഫ് കൂട്ടിച്ചേർത്തു.

ഐ.കെ.എമ്മിന്റെ പങ്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഐ.ടി മേഖലയിൽ സഹായം നൽകുന്നതിനായി പത്ത് വർഷമായി പ്രവർത്തിക്കുന്ന ഐ.കെ.എം ആണ് ഗുരുവായൂർ മാതൃകയുടെ സാങ്കേതിക സഹായങ്ങൾ നൽകിയത്. ഇവർ വികസിപ്പിച്ചിട്ടുള്ള ഒമ്പത് സോഫ്റ്റ്വെയറുകൾ ഗുരുവായൂരിൽ പ്രയോഗത്തിലാക്കിയിട്ടുണ്ട്. സൂചിക (ഫയലുകളുടെ സ്ഥിതിഗതികൾ അറിയുന്നതിന്), സഞ്ചയ (വസ്തുനികുതി വിവരങ്ങൾ), സേവന (ജനന-മരണ രജിസ്ട്രേഷൻ), സാംഖ്യ (നഗരസഭ അക്കൗണ്ടിങ്), സുലേഖ (പദ്ധതികളുടെ നിരീക്ഷണം), സേവന (സാമൂഹ്യ സുരക്ഷ പെൻഷൻ), സ്ഥാപന (ജീവനക്കാരുടെ ശമ്പളം), സുഗമ (എൻജിനീയറിങ് വിഭാഗത്തിലെ എസ്റ്റിമേറ്റുകൾ തയാറാക്കാൻ), സചിത (നഗരസഭ ആസ്തി വിവരങ്ങൾ) എന്നിവയാണ് ഗുരുവായൂരിൽ നടപ്പാക്കിയിട്ടുള്ളത്. ഒരു നഗരസഭയിൽ ഇത്രയും സേവനങ്ങൾ ഐ.കെ.എം നടപ്പാക്കുന്നതും ചരിത്രത്തിലാദ്യം. 1970 മുതലുള്ള ജനന-മരണ-വിവാഹ രജിസ്ട്രേഷൻ കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. അതിനാൽ ഈ സർട്ടിഫിക്കറ്റുകൾ മിനിറ്റുകൾക്കകം നഗരസഭയിൽ നിന്ന് ലഭിക്കും. ഐ.കെ.എം ടെക്നിക്കൽ ഓഫിസർ പി. ശിവപ്രസാദ്, ഡാറ്റാ എൻട്രി ഓപറേറ്റർ എ. കൃഷ്ണകുമാർ എന്നിവരാണ് ഗുരുവായൂരിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

സ്വപ്നങ്ങൾ

നഗരസഭയിലേക്ക് വേണ്ട നികുതികളും ഫീസുകളും മറ്റും നഗരസഭ വെബ്സൈറ്റിലൂടെ തന്നെ അടക്കാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്താനുള്ള ശ്രമത്തിലാണ് നഗരസഭയിപ്പോൾ. അടുത്തദിവസങ്ങളിൽ തന്നെ അതിനുള്ള അനുമതിയും സർക്കാർ നൽകുമെന്നാണ് പ്രതീക്ഷ. അതോടെ പണമടക്കാനുള്ള കൗണ്ടറുകൾക്കു മുന്നിലെ നീണ്ട വരിയും ഇല്ലാതാവും. ജനന, മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനിലൂടെ നൽകുന്ന കാര്യവും ചിന്തിക്കുന്നുണ്ട്. കെട്ടിടനിർമാണ അനുമതിക്കായി സ്ഥലം സന്ദർശിക്കുന്നത് ഒഴിവാക്കാൻ പുണെ നഗരസഭയുടെ മാതൃകയിൽ ഉപഗ്രഹ സഹായത്തോടെ ചിത്രങ്ങൾ പകർത്തിയുള്ള പരിശോധനയും സ്വപ്നങ്ങളിൽ ഉൾപ്പെടും.

ചുവപ്പുനാട മുറിച്ചെറിഞ്ഞ കമ്പ്യൂട്ടർ വിപ്ലവത്തിന്റെ സാരഥികൾ